പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3412 24.6.2013 ൽ മറുപടിക്ക്

തണ്ടർ ബോൾട്ട്സ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ' തണ്ടർ ബോൾട്ട്' എന്ന സുരക്ഷാ വിഭാഗം ആരംഭിക്കുന്നതിന് കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br>സി) വ്യക്തികളുടെ സുരക്ഷയ്ക്കും തീവ്രവാദി ആക്രമണങ്ങൾക്കുമെതിരെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ വിഭാഗം നടത്താനുദ്ദേശിക്കുന്നത്;<br>ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (എ)യും, (ബി)യും, (സി)യും,(ഡി)യും) തീവ്രവാദത്തെയും രാജ്യവും സംസ്ഥാനവും നേരിടുന്ന എല്ലാവിധ ആന്റി സോഷ്യൽ പ്രവർത്തനത്തെയും നേരിടുന്നതിന് സുസജ്ജമാക്കിയിട്ടുള്ള സേനാ വിഭാഗമാണ് കേരള പോലീസ് തണ്ടർ ബോൾട്ട്സ്. ഇതിന്റെ നിയന്ത്രണം സംസ്ഥാന പോലീസ് മേധാവിക്കാണ്. തണ്ടർ ബോൾട്ട്. കമാണ്ടോവിംഗിൽ 200 സേനാംഗങ്ങളാണ് ഉള്ളത്. 20 മാസത്തെ കഠിനമായ ട്രെയിനിംഗ് പൂർത്തിയാക്കിയ എല്ലാവരും 23 വയസ്സിൽ താഴെ പ്രായമുള്ളവരും നേരിട്ട് കമാണ്ടോ ആയി തിരഞ്ഞെടുക്കപ്പെട്ടവരും ആണ്. ഇവർക്ക് പ്രത്യേക സൈക്കോളജി, സൈക്യാട്രി ടെസ്റ്റുകൾ നടത്തിയിട്ടുള്ളതാണ്. ഇന്ത്യൻ നേവി, ഇന്ത്യൻ എയർഫോഴ്സ്, കൗണ്ടർ ഇൻസർജൻസി ആന്റ് ടെററിസം, ആന്റി മോഡൽ ഓപ്പറേഷൻ എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നേടിയവരാണ് സേനാംഗങ്ങൾ.<br><br>സേനാംഗങ്ങൾ സംസ്ഥാനത്തെ സുരക്ഷാ പ്രാധാന്യമുള്ള സ്ഥലങ്ങളുടെ ടാർജറ്റ് ഫോൾഡർ തയ്യാറാക്കി വരികയും മോക്ക് ഡ്രിൽ പ്രാക്ടീസ് ചെയ്തു വരികയുമാണ്. മാസങ്ങളായി കേരളത്തിലെ വിവിധ ജില്ലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ 'ജംഗിൾ ഏരിയ ഫെമിലിയറൈസേഷൻ' പട്രോളിംഗ് നടത്തുകയും തുടർന്ന് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ 'പെരിഫറൽ പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ